**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 560** **08-10-2024 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി, കോട്ടയ്ക്കൽ സബ്‌ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടയ്ക്കൽ സബ്‌ട്രഷറികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടുപിടിക്കുന്നതിനായി വകുപ്പ് നടത്തിയ ശ്രമങ്ങളുടെ ഫലമായി മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ സർവ്വേ നമ്പർ 137/4-ൽ ഉൾപ്പെട്ടതും, ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലം സബ് ട്രഷറിയുടെ പ്രവർത്തനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനാൽ, ടി ഭൂമി ട്രഷറി വകുപ്പിന് കൈമാറുന്നതിന് അഭ്യർത്ഥിക്കുകയും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ആയതിനുള്ള പ്രമേയം പാസാക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥലം ഉടമസ്ഥാവകാശം വിട്ടൊഴിഞ്ഞുകൊണ്ട് റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള അപേക്ഷ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് വഴി ഗ്രാമവികസന കമ്മീഷണറേറ്റിലേക്ക് അയച്ചിട്ടുണ്ട്.<br><br>കോട്ടക്കൽ സബ് ട്രഷറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തോട് ചേർന്ന് 50 സെന്റ് സ്ഥലം ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിഞ്ഞതിൻ പ്രകാരം അതിൽ നിന്നും 10 സെൻറ് സ്ഥലം സബ് ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിയമ പ്രകാരം ട്രഷറി വകുപ്പിന് കൈമാറി നൽകണമെന്ന് അഭ്യർത്ഥിച്ച് 05/02/2024 ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി |

| | | | |
|---|---|---|---|
| | | | മറ്റൊരു സ്ഥലം ലഭ്യമാക്കുന്നതിനുള്ള അന്വേഷണവും നടത്തുന്നുണ്ട് . |
| (ബി) | വളാഞ്ചേരി സബ്ട്രഷറിക്ക് വേണ്ടി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്ന വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മറുപടി ‘എ’ പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | കോട്ടയ്ക്കൽ സബ് ട്രഷറിക്കുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | കോട്ടക്കൽ സബ് ട്രഷറിയ്ക്ക് വേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ച് വരികയാണ്. |
| (ഡി) | വളാഞ്ചേരി, കോട്ടക്കൽ സബ്ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ